## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2148** **12-12-2022 - ൽ മറുപടിയ്ക്ക്**

### സർക്കാർ സർവീസിൽ പിന്നാക്ക വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, കമ്പനി/ബോർഡ് /കോർപ്പറേഷൻ എന്നിവയിൽ നിലവിലുള്ള തസ്തികകളുടെ അംഗീകൃത എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ; | (എ) | തസ്തിക തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടില്ല |
| (ബി) | മേൽ അംഗീകൃത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ജാതി, മതം, ലിംഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഓരോ തസ്തികയിലും നിലവിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ ജാതി, മതം, ലിംഗം,നിയമന രീതി, സംവരണ വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമല്ലെങ്കിൽ അത്തരം വിവരശേഖരണം അടുത്ത 6 മാസത്തിനുള്ളിൽ നടത്തണമെന്ന് വകുപ്പിനോട് നിർദേശിക്കുമോ ; | (ബി) | ലഭ്യമല്ല; പരിഗണനയിലില്ല |
| (സി) | അംഗീകൃത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന ജീവനക്കാർ നിയമിതരായത് പൊതുവിഭാഗത്തിലോ സംവരണ വിഭാഗത്തിലോ എന്നതിന്റെ വിശദാംശം നൽകുമോ; സംവരണ വിഭാഗത്തിനുള്ള നിയമനമാണെങ്കിൽ സംവരണ വിഭാഗം ഏതാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | വിശദാംശം ലഭ്യമല്ല. |
| (ഡി) | പട്ടികജാതി, പട്ടികവർഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്ക് സർക്കാർ സർവീസിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭ്യമാക്കുന്നതിന് എപ്രകാരമുള്ള നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ചട്ട പ്രകാരമുള്ള സംവരണ തത്വങ്ങൾ പാലിച്ചാണ് പ്രസ്തുത നിയമനങ്ങൾ നടത്തുന്നത് |

സെക്ഷൻ ഓഫീസർ